**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 - എറണാകുളം ജില്ലയിലെ സൗഹൃദ റോഡ് കീരിപ്പള്ളി ജംഗ്ഷൻ റോഡ് എന്ന പ്രവൃത്തിക്ക് പകരം **പട്ടുവത്തിപ്പള്ളി റോഡ് സെക്കന്റ് റീച്ച് ചെറുകുളം മേഘാലയ റോഡ്** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (പി.പി.) വകുപ്പ്**

സ.ഉ.(കൈ) നം.11/2026/LSGD    തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. 25.10.2025 ലെ സ.ഉ.(കൈ)നം.193/2025/തസ്വഭവ
2. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 01.01.2026 തീയതിയിലെ 1946/M(LSG,E&PA)/2026 നമ്പർ കുറിപ്പ്
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.1.2026 ലെ LSGD/PD/405/2026-EW1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ഉൾപ്പെടുത്തി പരാമർശം(1) ലെ ഉത്തരവ് പ്രകാരം ക്രമ നമ്പർ 4133 ആയി എറണാകുളം **ജില്ലയിലെ സൗഹൃദ റോഡ്** - **കീരിപ്പള്ളി ജംഗ്ഷൻ റോഡ്** എന്ന പ്രവൃത്തിക്ക് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിക്ക്  പകരമായി **പട്ടുവത്തിപ്പള്ളി റോഡ് സെക്കന്റ് റീച്ച് ചെറുകുളം മേഘാലയ റോഡ്** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് ബഹു.വ്യവസായ വകുപ്പ് മന്ത്രി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് പരാമർശം(2) പ്രകാരം കുറിപ്പ് നൽകിയിട്ടുണ്ടെന്നും, സ്ഥല പരിശോധന വേളയിൽ പ്രദേശവാസികൾ തെറ്റായ റോഡ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റോഡിന്റെ പേര് ഭരണാനുമതിയിൽ ഉൾപ്പെടുത്തുകയാണ് ഉണ്ടായതെന്നും യഥാർത്ഥത്തിൽ പട്ടുവത്തിപ്പള്ളി റോഡ് സെക്കന്റ് റീച്ച് ചെറുകുളം മേഘാലയ റോഡാണ് ഉൾപ്പെടുത്തേണ്ടിയിരുന്നതെന്നും ബഹു.വ്യവസായ വകുപ്പ് മന്ത്രി കുറിപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ്  ചീഫ് എഞ്ചിനീയർ പരാമർശം(3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിനാൽ സൗഹൃദ റോഡ് - കീരിപ്പള്ളി ജംഗ്ഷൻ റോഡ് എന്ന പ്രവൃത്തിക്ക് പകരമായി പട്ടുവത്തിപ്പള്ളി റോഡ് സെക്കന്റ് റീച്ച് ചെറുകുളം മേഘാലയ

റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം(3) പ്രകാരം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ഉൾപ്പെടുത്തി പരാമർശം(1) ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ എറണാകുളം ജില്ലയിലെ സൗഹൃദ റോഡ് - കീരിപ്പള്ളി ജംഗ്ഷൻ റോഡ് എന്ന പ്രവൃത്തിക്ക് പകരമായി പട്ടുവത്തിപ്പള്ളി റോഡ് സെക്കന്റ് റീച്ച് ചെറുകുളം മേഘാലയ റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്
- പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
- ഡയറക്ടർ ,റൂറൽ
- ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്
- ധനകാര്യ വകുപ്പ്
- ട്രഷറി ഡയറക്ടർ
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഏ&ഇ) കേരള,തിരുവനന്തപുരം
- എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
- വിവര പൊതുജന സമ്പർക്ക് വകുപ്പ് (വെബ്& ന്യൂ മീഡിയ)
- കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 09-01-2026 10:31:58